# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അയ്മനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎം പി9/508/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയ്മനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎം പി9/508/22 തീയ്യതി: 31/03/2022

## കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാധാകൃഷ്ണൻ എം.എൻ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 03-03-2022 | 14-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-03-2022 | 14-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലേഖ വി, ഓഡിറ്റ് ഓഫീസർ
ശ്രീ.രതീഷ് സി.ആർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത ജി.നായർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സുമേഷ് പി.വി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.കെ.ആലിച്ചൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.അരുൺ കുമാർ എൻ. | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.മിനിജ ഡി.നായർ | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജോസ് മോൾ കുര്യൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി നാൻസി ലിസ തോമസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.നീതു ജോർജ്ജ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.രാമകൃഷ്ണൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീമതി ബിന്ദു റ്റി.റ്റി. | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.സുനിൽ എ.പി. | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ലേഖ എം.തമ്പി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ഓമന | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി രാജി എസ്.മണി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ജയമോൾ ജെ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ.അൻസി ഒ.എ. | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lekha V (Audit Officer, On 12-03-2022)<br>Last Updated By: Beenakumari T V (Auditor, On 15-03-2022) | 1-1 |
| 2 | വാർഷിക കണക്കുകൾ<br>Written By: Lekha V (Audit Officer, On 17-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Beenakumari T V (Auditor, On 15-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Lekha V (Audit Officer, On 18-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം<br>Written By: Ratheesh C R (Audit Officer, On 17-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Ratheesh C R (Audit Officer, On 17-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമപദ്ധതികൾ<br>Written By: Beenakumari T V (Auditor, On 14-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Beenakumari T V (Auditor, On 09-03-2022)<br>Last Updated By: Beenakumari T V (Auditor, On 09-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Ratheesh C R (Audit Officer, On 18-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Lekha V (Audit Officer, On 14-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-10 |
| 11 | ജനറൽ പർപ്പസ് ഗ്രാന്റ് - അവസാന രണ്ടുഗഡുക്കൾ നാളിതുവരെ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല<br>Written By: Lekha V (Audit Officer, On 15-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-11 |
| 12 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Beenakumari T V (Auditor, On 14-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-12 |
| 13 | മുറിച്ചുമാറ്റിയ തടികഷ്ണങ്ങൾ ലേലം ചെയ്ത് മുതൽ കൂട്ടിയില്ല.<br>Written By: Ambili.U (Senior Grade Auditor, On 14-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-13 |
| 14 | സ്വകാര്യവ്യക്തിയുടെ പുരയിടത്തിൽ നിന്നിരുന്ന മരം പഞ്ചായത്ത് ചെലവിൽ മുറിച്ചുമാറ്റി - തുക ഈടാക്കിയിട്ടില്ല. ്<br>Written By: Ambili.U (Senior Grade Auditor, On 14-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-14 |
| 15 | ശമ്പളത്തിൽ നിന്ന് കിഴിവ് വരുത്തിയ തുക കെ എസ് എഫ് ഇ ൽ അടവാക്കിയതിന്റെ രസീത് ഉല്ല.<br>Written By: Ambili.U (Senior Grade Auditor, On 15-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-15 |
| 16 | നെൽവിത്ത് വിതരണം-മാർഗ്ഗരേഖ പാലിച്ചില്ല | 1-16 |

| | | |
|---|---|---|
| | Written By: Smitha G Nair (Asst. Audit Officer, On 16-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | |
| 17 | മള്ളൂർ പാടശേരത്തിന് വിത്ത് വിതരണം- നിർദ്ദേശം പാലിച്ചില്ല<br>Written By: Smitha G Nair (Asst. Audit Officer, On 16-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-17 |
| 18 | സ്ഥാപനങ്ങളിൽ മാലിന്യ യൂണിറ്റ് - വിതരണ വിവരമില്ല.<br>Written By: Sumesh P V (Asst. Audit Officer, On 15-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-18 |
| 19 | പോസ്റ്റ് ഷിഫ്റ്റിംഗ്, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ- പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Ambili.U (Senior Grade Auditor, On 14-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-19 |
| 20 | കിണർ റീ ചാർജിംഗ് – അപാകതകൾ.<br>Written By: Sumesh P V (Asst. Audit Officer, On 15-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-20 |
| 21 | കന്നുകുട്ടി പരിപാലനം പദ്ധതി - അപാകതകൾ<br>Written By: Ratheesh C R (Audit Officer, On 17-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-21 |
| 22 | നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം , കരാർ എന്നിവ ലഭ്യമാക്കിയിട്ടില്ല<br>Written By: Ratheesh C R (Audit Officer, On 17-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-22 |
| 23 | ഐ കെ എം വിഹിതം നൽകൽ -കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല<br>Written By: Ratheesh C R (Audit Officer, On 17-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-23 |
| 24 | തെരുവ് വിളക്കുകളുടെ പരിപാലനം - കൃത്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Ratheesh C R (Audit Officer, On 17-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-24 |
| 25 | മള്ളൂർ പാടം മോട്ടോർ തറ വൈദ്യുതി കണക്ഷൻ - അപാകതകൾ<br>Written By: Ratheesh C R (Audit Officer, On 17-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-25 |
| 26 | റവന്യൂപുറമ്പോക്കിലെ പാറക്കുളം മൂടിയത്<br>Written By: Ratheesh C R (Audit Officer, On 18-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-26 |
| 27 | കേരള സ്റ്റേറ്റ് നിർമിതി കേന്ദ്രം നടപ്പാക്കുന്ന പദ്ധതികൾ - അപാകതകൾ<br>Written By: Ratheesh C R (Audit Officer, On 17-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Beenakumari T V (Auditor, On 08-03-2022)<br>Last Updated By: Beenakumari T V (Auditor, On 08-03-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Beenakumari T V (Auditor, On 08-03-2022)<br>Last Updated By: Beenakumari T V (Auditor, On 12-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Beenakumari T V (Auditor, On 08-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Beenakumari T V (Auditor, On 08-03-2022)<br>Last Updated By: Beenakumari T V (Auditor, On 08-03-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Beenakumari T V (Auditor, On 08-03-2022)<br>Last Updated By: Beenakumari T V (Auditor, On 15-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Beenakumari T V (Auditor, On 08-03-2022)<br>Last Updated By: Beenakumari T V (Auditor, On 13-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Beenakumari T V (Auditor, On 08-03-2022)<br>Last Updated By: Beenakumari T V (Auditor, On 13-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Beenakumari T V (Auditor, On 08-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം.<br>Written By: Beenakumari T V (Auditor, On 08-03-2022)<br>Last Updated By: Beenakumari T V (Auditor, On 08-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Beenakumari T V (Auditor, On 08-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Beenakumari T V (Auditor, On 08-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ പുതുക്കിയ ബജറ്റ് 21.02.2019 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 24199500 | 34005478.45 |
| വരവ് | 234280318 | 101356723 |
| ആകെ | 258479818 | 135362201.45 |
| ചെലവ് | 235107608 | 106268828 |
| നീക്കിയിരിപ്പ് | 2681058 | 29093373.45 |

## 1-2 വാർഷിക കണക്കുകൾ

അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 166,777,378/- രൂപയും ചെലവ് 166,640,217/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 137161/- രൂപയുമാണ്. 31/03/2020-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 120903964.35/- രൂപയും ബാധ്യതകളുടെ മൂല്യം 2257113.70/- രൂപയും ജനറൽ ഫണ്ട് 15096148.65/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2020 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകൾ (B-7ഷെഡ്യൂൾ) മുന്നിരിപ്പ്, തൻവർഷ ഇടപാടുകൾ എന്നിവ ഏത് പ്രോജക്ട് സംബന്ധമാണെന്നുള്ള ഉദ്ദേശ്യവും വിശദാംശവും രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.
3. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
4. അക്രുവൽ വരവുകൾക്ക് മുൻകൂർ ലഭിച്ച തുക 31/03/2020 ബാലൻസ് ഷീറ്റ് പ്രകാരമുള്ളതിന്റെ കൃത്യത രജിസ്റ്റർ പ്രകാരം വ്യക്തമാക്കിയിട്ടില്ല.

   5.26/07/2011-ലെ ജി.ഒ (എം.എസ് )152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യത നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

   6.31/03/2020 ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം വാടക നിക്ഷേപം(Rent Deposit) 25336/- രൂപയാണ് പഞ്ചായത്ത് ഫണ്ടിലുള്ളത്. എന്നാൽ ഏതെല്ലാം കുത്തകക്കാരിൽ നിന്നാണ് ടി തുക ഈടാക്കിയിട്ടുള്ളത് എന്ന് വാടക ഡിമാന്റ് രജിസ്റ്ററിലോ ഡെപ്പോസിറ്റ് രജിസ്റ്ററിലോ ചേർത്തിട്ടില്ല.
5. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
6. വാടക ഡി.സി.ബി. തയ്യാറാക്കിയിട്ടുണ്ടെങ്കിലും കണക്കുകൾ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ലൈസൻസ് ഫീസ് കണക്കുകൾ ക്രോഡീകരിച്ച്

ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.

7. 2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-18 പ്രകാരം വസ്തുനികുതി 407107/- രൂപ മുൻവർഷങ്ങളിലെ ഡിമാന്റ് Prior Period ഇനമായി ക്രമീകരിച്ച് കുറവു ചെയ്തിട്ടുണ്ട്. എന്നാൽ ആയതിന്റെ വിശദാംശവും വിശദീകരണവും ലഭ്യമാക്കിയില്ല.

8. പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ കൃത്യമായ വിശദാംശങ്ങൾ, മുന്നിരിപ്പ് എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. 31/03/2020 തീയതിയിലെ ബാലൻസ് ഷീറ്റ് ബി-18 ഡെപ്പോസിറ്റ് തുകകളുടെ ആധികാരികതയോ അക്കൗണ്ട് ശീർഷകങ്ങളിലെ മുന്നിരിപ്പിന്റെ കൃത്യതയോ വ്യക്തമല്ല.

9. Capital Work In Progress ശീർഷകത്തിൽ അക്കൗണ്ട് ചെയ്യതും ക്രമീകരിച്ചതുമായ പ്രോജക്ട് ചെലവുകളുടെയും 31/03/2020 ലെ നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

10. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

11. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകൾ സുലേഖ സോഫ്റ്റ്‌വെയർ റിപ്പോർട്ടിലെ തുകകൾ വാർഷിക ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2019-20 വർഷത്തെ റസീറ്റ് & പേയ്മെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 34005478.45 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 101356723 |
| ആകെ | 135362201.45 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 106268828 |
| നീക്കിയിരിപ്പ് | 29093373.45 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7727657 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭബാക്കി | വരവ് (സ്രോതസ്സിൽ കുറവ് ചെയ്ത തുക) | ആകെ | ചെലവ് | നീക്കിയിരുപ്പ് (ലാപ്സായ തുക) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18460000+ 9793000 | 28253000 | 18460000 | 9793000 | 100 (9793000 രൂപ പ്രളയ ഫണ്ടിനത്തിൽ ലഭിച്ച തുകയാണ്) |
| വികസനഫണ്ട് (എസ്.സി.പി) | 0 | 4063000+745000 | 4808000 | 2976529 | 1086471(Q ബില്ലിൽ ഉൾപ്പെട്ട | 100% |

| | | | | | | |
|---|---|---|---|---|---|---|
| | | | | | തുക) | |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 256000 | 256000 | 113000 | 143000(Q ബില്ലിൽ ഉൾപ്പെട്ട തുക) | 100% |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 13349291 | 13349291 | 5477628 | 7871663 | 41.03% |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 8914000 | 8914000 | 3425645 | 5488355 | 38.4% |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 5187000 | 5187000 | 2758867 | 2428133 | 53.18% |
| ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ | 402653 | 548652 | 951305 | 461207 | 4900908 | |
| ടോട്ടൽ സാനിട്ടേഷൻ സെൻട്രൽ ഷെയർ | 3220053 | 94745 | 3314798 | 1378789 | 1936009 | |
| ജില്ലാപഞ്ചായത്ത് ഷെയർ | 9335741 | 0 | 9335741p | 2083480 | 7252261 | |
| ജില്ലാപഞ്ചായത്ത് ഷെയർ(സുജലം പദ്ധതി) | 0 | 1000000 | 10,00,000 | 607759 | 392241 | |

1.ജി ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, റ്റി.എസ്.പി ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ ബാലൻസ് തുകകൾ രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. സംസ്ഥാന കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ വരവ്ചെലവ്, നീക്കിയിരിപ്പ് തുകകളും എസിആറുമായി പൊരുത്തപ്പെടുന്നില്ല. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2019-20-ലെ വാർഷികപദ്ധതിക്ക് 10.12.2018-ലെ 19(1)- നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 09.03.2020 ലെ ഉത്തരവ് നം. 2707/18/DPC/ DPO/KTM പ്രകാരം പുതുക്കിയ അംഗീകാരവും ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ മറ്റ് പ്രവർത്തനഘട്ടങ്ങൾ താഴെ ചേർക്കുന്നു.

വാർഷികപദ്ധതി രൂപീകരണഘട്ടങ്ങൾ

| പ്രവർത്തനഘട്ടം | നടത്തിയ തീയതി |
|---|---|
| ആസൂത്രണസമിതിയോഗം | 12/10/2018 |
| വർക്കിംഗ് ഗ്രൂപ്പുയോഗം | 11/10/2018 |
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 23.01.19 മുതൽ 03.02.19 |

| | |
|---|---|
| | വരെ |
| ഭിന്നശേഷി ഗ്രാമസഭ | 19.11.2018 |
| ഊരുകൂട്ടയോഗം | 19.11.2018,4.2.19 |
| വികസനസെമിനാർ | 24.11.2018 |

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 328 | 233 | 218987469 | 59240516 | 27 |

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

2019-20 വാർഷികപദ്ധതിയിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥർ 2019-20 | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 4994066 | 2699423 | 54 |
| വെറ്റിറിനറി സർജൻ | 15 | 11 | 6677600 | 2239450 | 34 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 5 | 5 | 1550000 | 1550000 | 100 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 0 | 20000 | 0 | 0 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 0 | 100000 | 0 | 0 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 8 | 9308110 | 15130755 | 16 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11 | 10 | 8918406 | 7753160 | 87 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 750000 | 200000 | 27 |
| സെക്രട്ടറി | 42 | 30 | 17118105 | 13074863 | 76 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 9 | 6 | 14206160 | 7190219 | 51 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 198 | 44 | 65144832 | 8093007 | 12 |
| ഹെഡ്മാസ്റ്റർ ഗവ. എൽ. പി. എസ് . | 9 | 4 | 1585250 | 743700 | 47 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 8 | 4841940 | 565939 | 12 |
| ആകെ | 328 | 133 | 218987469 | 59240516 | 27 |

മെഡിക്കൽ ഓഫീസർ, ഹോമിയോ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്നിവർ പദ്ധതികൾ ഒന്നും നടപ്പാക്കിയില്ല. അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ അടങ്കലിന്റെ 12% വീതം മാത്രമാണ് ചെലവഴിച്ചത്. ആകെ പദ്ധതി ചെലവ് ശതമാനം കുറയുവാൻ ഇടയാക്കി. ഏതാനും

പദ്ധതികൾ മാത്രമുള്ള ( 11 എണ്ണം ) അസിസ്റ്റന്റ് സെക്രട്ടറി അടങ്കലിന്റെ 12% മാത്രമാണ് ചെലവഴിച്ചത്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 , വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് യഥാക്രമം 93081110, 14206160, 65144832 രൂപ വീതം അടങ്കലുള്ള പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. എന്നാൽ യഥാക്രമം 15130755, 7190219, 8093007 എന്നീ തുകകൾ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. വളരെയധികം വിഭവങ്ങളും, മനുഷ്യപ്രയത്നവും, ഉദ്യോഗസ്ഥരുടെ സേവനവും ഉപയോഗപ്പെടുത്തിയാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. അവ നടപ്പാക്കാതെ വരുമ്പോൾ ഈ പ്രയത്നമെല്ലാം പാഴായിപ്പോകുന്നു. പദ്ധതികളുടെ ബാഹുല്യം മൂലമാണ് ഇപ്രകാരം പദ്ധതികൾ നടപ്പാക്കാനാവാത്ത സാഹചര്യം ഉണ്ടാവുന്നത്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 ന് മാത്രം 9 കോടി രൂപയ്ക്ക് മുകളിലാണ് പദ്ധതി അടങ്കൽ. ഇത്രയും തുക ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് മാത്രം ചെലവഴിക്കുവാൻ സാധിക്കുകയില്ല എന്ന് വ്യക്തമാണ്. മുൻവർഷങ്ങളിലെ കണക്കുകൾ അപഗ്രഥനം നടത്തി ഒരു നിർവ്വഹണ ഉദ്യോഗസ്ഥന് നടപ്പാക്കാവുന്ന പരമാവധി എണ്ണം/അടങ്കൽ അടിസ്ഥാനപ്പെടുത്തി മാത്രം പദ്ധതികൾ തയ്യാറാക്കേണ്ടതാണ് .

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-2020 വർഷം 203 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 20 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 892 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 380 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 286 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 115878 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 507 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 213 അയൽക്കൂട്ടങ്ങളിൽ 57 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി തോട് ആഴം കൂട്ടൽ, മീൻകുളങ്ങൾ നിർമ്മാണം തുടങ്ങിയ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ക്യാഷ്ബുക്ക് പ്രകാരമുള്ള 2019-20 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. തൻവർഷത്തെ ക്യാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 36922.50 | 1026822 | 1063744.5 | 754035 | 309709.5 |
| ഇ.എഫ്.എം.എസ്. | 0 | 31905016 | 31905016 | 31905016 | 0 |
| ആകെ | 36922.5 | 32931838 | 32968760.5 | 32659051 | 309709.5 |

## 1-7 സാമൂഹ്യക്ഷേമപദ്ധതികൾ

2019-20 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 28680 | 29 |
| വാർദ്ധക്യകാലപെൻഷൻ | 14566800 | 265 |
| കർഷകതൊഴിലാളി പെൻഷൻ | 7485000 | 41 |
| വിധവാപെൻഷൻ | 5370000 | 45 |
| 50 വയസിലധികം പ്രായമുള്ള | 301200 | |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | | |
| വികലാംഗപെൻഷൻ | 2339100 | 17 |
| വിധവകളായ സ്ത്രീകളുടെ മക്കളുടെ വിവാഹധനസായം | 30000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.03.2022 3.30 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 76,669/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ടെങ്കിലും എല്ലാ സെക്ഷനിലെയും ജോലിയുടെ പൂർത്തീകരണം ഒരു വ്യക്തിയിലൂടെയാണ് ഗ്രാമപഞ്ചായത്തിൽ നിർവ്വഹിക്കപ്പെടുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പാളിച്ചയിലേയ്ക്ക് വിരൽ ചൂണ്ടുന്നു. വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട അടിസ്ഥാന രേഖകൾ സൂക്ഷിക്കുന്നതിൽ അലംഭാവം കാണിക്കുന്നു. പ്രത്യേക ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. മേൽ പരാമർശിച്ച കാരണങ്ങളാൽ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പോരായ്മകൾ ഉണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട്/തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.2.2019 | 1/2019 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.12.2014 മുതൽ 15.1.2015 വരെ | 2009-10 മുതൽ 2013-14 വരെ | No.LBA(HQ)II/8A-2238/341/ 4.3.2015 |

## 1-11 ജനറൽ പർപ്പസ് ഗ്രാന്റ് - അവസാന രണ്ടുഗഡുക്കൾ നാളിതുവരെ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല

2019-20 വർഷം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് വിടവ് നികത്തൽ ഫണ്ടും റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസും അനുവദിച്ചതിന് ശേഷമുള്ള ബാക്കി തുക സ.ഉ.(സാധാ)നം.2249/2020/ധന തീ 18.3.20 അനുവദിക്കപ്പെട്ട 424336/- രൂപയും ജനറൽപർപ്പസ് ഫണ്ട് വിഹിതത്തിന്റെ 12-ാംഗഡു തുക 1324700/-രൂപ (സ.ഉ.(സാധാ) നം.2480/2020/ധന തീ 25.3.20) എന്നിവയുടെ ബില്ലുകൾ ട്രഷറിയിൽ പാസ്സാകാതിരുന്നതിനാൽ ഈയിനത്തിൽ ആകെ 1749036 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായി. ഓഡിറ്റ് തീയതിവരെ ടി തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ

ക്രഡിറ്റ് വന്നിട്ടില്ല. തനതുവരുമാനം കുറവായ ഗ്രാമപഞ്ചായത്തിന് മേൽപ്പറഞ്ഞപ്രകാരം തുക നഷ്ടമാകാനിടയായ സാഹചര്യം സംബന്ധിച്ച് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം.1/05.03.22) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുകകളുടെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും Warms Clearance ലഭിച്ചില്ല എന്ന കാരണത്താൽ തുക ലഭിച്ചില്ല. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും, പഞ്ചായത്ത് ഡയറക്ടർക്കും 26.05.20, 2.07.20, 31.08.21, 26.11.21 എന്നീ തീയതികളിൽ കത്ത് നൽകിയിട്ടുള്ളതാണെന്ന് അറിയിച്ചിരുന്നു. എന്നാൽ ഓഡിറ്റ് തീയതിവരെ ടി ബിൽതുകകൾ സർക്കാരിൽനിന്നും പുനരനുവദിച്ച് ലഭിച്ചിട്ടില്ല. ഇത്തരത്തിൽ തുക നഷ്ടമായ പഞ്ചായത്തുകൾക്ക് 07/07/2021 ലെ 4859/21 ഉത്തരവിലൂടെ തുക അനുവദിച്ചെങ്കിലും പഞ്ചായത്ത് ഈ ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ല. നഷ്ടമായ തുക ഗ്രാമപഞ്ചായത്തിന് പുനരനുവദിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന എതൊരാൾക്കും തൊഴിൽ നികുതി ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 2019-20 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.കാനറാ ബാങ്ക്, പായിപ്പാട് (രണ്ടാം അർദ്ധവർഷം)

2.സെന്റ് അൽഫോൺസാ പബ്ലിക് സ്കൂൾ, കുടമാളൂർ (രണ്ടാം അർദ്ധവർഷം)

3.മാനോർ ഹോട്ടൽസ് ആന്റ് റിസോർട്ട്സ്, ചീപ്പുങ്കൽ (രണ്ടാം അർദ്ധവർഷം)

4.ഹോളി ക്രോസ് സ്കൂൾ, അയ്മനം (രണ്ടാം അർദ്ധവർഷം)

5.ട്രാവൻകൂർ ഡേവസ്വം ബോർഡ് വസുദേവപുരം സബ് ഗ്രൂപ്പ് (രണ്ടാം അർദ്ധവർഷം)

6.ഇരവീശ്വരം ദേവസ്വം (രണ്ടാം അർദ്ധവർഷം)

7.മാഷെ എന്റർപ്രൈസസ് (രണ്ടാം അർദ്ധവർഷം)

8.എച്ച്.ഡി.എഫ്.സി. കുടമാളൂർ (രണ്ടാം അർദ്ധവർഷം)

9.കാലിബർ, മരിയാത്തുരുത്ത് (രണ്ട് അർദ്ധവർഷങ്ങൾ)

10.ഗവ. ആയുർവേദ ഡിസ്പെൻസറി, കരീമഠം (രണ്ട് അർദ്ധവർഷങ്ങൾ)

11.ജലനിധി പ്രോജക്ട് കമ്മീഷണർ ഓഫീസ് (രണ്ട് അർദ്ധവർഷങ്ങൾ)

12.അക്ഷയ ഗോൾഡ് ലോൺ (രണ്ടാം അർദ്ധവർഷം)

13.യൂണിപവർ സിസ്റ്റം, അയ്മനം (രണ്ടാം അർദ്ധവർഷം)

14.റിലയൻസ് എസ്.എം.എസ്.എൽ. ലിമിറ്റഡ് (രണ്ട് അർദ്ധവർഷങ്ങൾ)

15.നീതി സ്റ്റോർ, അയ്മനം (രണ്ട് അർദ്ധവർഷങ്ങൾ)

16.കുടമാളൂർ ക്ഷീര വ്യവസായ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (രണ്ട് അർദ്ധവർഷങ്ങൾ)

17.വല്യാട് ക്ഷീരോൽപ്പാദക സഹകരണ സംഘം (രണ്ട് അർദ്ധവർഷങ്ങൾ)

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നം.2/08.03.22 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അടവാക്കേണ്ടതാണ്.

1-13 മുറിച്ചുമാറ്റിയ തടികഷ്ണങ്ങൾ ലേലം ചെയ്ത് മുതൽ കൂട്ടിയില്ല.

ഐക്കരചിറപള്ളി പുറം പോക്കിൽ (വാർഡ്-8) അപകടാവസ്ഥയിൽ നിന്നിരുന്ന ആഞ്ഞിലി മരം (സബ് കളക്ടർ, കോട്ടയത്തിന്റെ 4.06.19 ലെ എച്ച്-2446/19 നമ്പർകത്തിലെ നിർദ്ദേശ പ്രകാരം), ഒളശ ഗവൺമെന്റ് എൽ പി സ്കൂളിന് സമീപം നിന്നിരുന്ന മാവ്, ഇളംകാവ് യു പി സ്കൂളിന് സമീപം നിന്നിരുന്ന പുളിമരം എന്നിവ 26.06.19ലെ 10(1) നമ്പർകമ്മറ്റി തീരുമാന പ്രകാരം മുറിച്ചുമാറ്റുന്നതിന് തനത് ഫണ്ടിൽ നിന്നും 51000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആഞ്ഞിലി മരത്തിന് സോഷ്യൽ ഫോറസ്ട്രി വകുപ്പിൽ നിന്നും വാല്യൂവേഷൻ ലഭ്യമായിട്ടുണ്ടെങ്കിൽ (15.06.19ലെ18(1)നമ്പർ തീരുമാനം) ഹാജരാക്കുന്നതിനും ഇതോടൊപ്പം മറ്റ് തടികഷ്ണങ്ങൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (4/9.03.22) ഫോറസ്റ്റ് വകുപ്പിൽ നിന്നും ലഭിച്ച വാല്യൂവേഷൻ തുകയിൽ ആഞ്ഞിലി,മാവ് എന്നിവ ലേലം കൊണ്ടില്ല എന്നും റിവൈസ്ഡ് വാല്യൂവേഷൻ ലഭിക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി വകുപ്പിന് കത്ത് നൽകിയിട്ട് മറുപടി ലഭ്യമായിട്ടില്ലാത്തതിനാൽ തുടർനടപടി സ്വീകരിക്കുവാൻ സാധിച്ചില്ല എന്നും മറുപടി ലഭ്യമാക്കി. മുറിച്ചുമാറ്റിയ തടികഷ്ണങ്ങൾ നഷ്ടപ്പെട്ടുപോകാതെ പഞ്ചായത്ത് ഭരണ സമിതി തലത്തിൽ നടപടികൾ സ്വീകരിച്ച് തടികൾ ലേലം ചെയ്ത് തുക മുതൽ കൂട്ടിവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| തുക | വൗച്ചർ നമ്പർ/ചെക്ക് നമ്പർ |
|---|---|
| 20000/- | 21900448/12.06.19/9356/12.06.19 |
| 16000/- | 21900555/7.08.19/9378/7.08.19 |
| 15000/- | 21900547/16.08.19/9393/14.08.19 |

1-14 സ്വകാര്യവ്യക്തിയുടെ പുരയിടത്തിൽ നിന്നിരുന്ന മരം പഞ്ചായത്ത് ചെലവിൽ മുറിച്ചുമാറ്റി - തുക ഈടാക്കിയിട്ടില്ല.

കരിമാങ്കാവ് ക്ഷേത്രത്തിനു സമീപം കെ കെ രമേശന്റെ പുരയിടത്തിൽ അപകടാവസ്ഥയിൽ നിന്നിരുന്ന മഹാഗണിമരം 16.08.19ലെ 9(1) നമ്പർ കമ്മറ്റി തീരുമാന പ്രകാരം പഞ്ചായത്ത് ചെലവിൽ മുറിച്ചു മാറ്റി ചെലവ് തുക കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 238 (1)ബി പ്രകാരം ഉടമസ്ഥനിൽ നിന്നും ഈടാക്കുന്നതിനു തീരുമാനിച്ചിരുന്നു. മരം മുറിച്ച് മാറ്റുന്നതിന് 6000/-രൂപ (21900594/24.8.19 /9399/21.08.19) പഞ്ചായത്ത് ഫണ്ടിൽനിന്ന് ചെലവഴിച്ചിട്ടുണ്ട്. ചെലവായ തുക ടിയാനിൽനിന്ന് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (5/9.3.2022) തുക ഈടാക്കുന്നതിന് ടിയാൾക്ക് എതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 238 (1)ബി പ്രകാരം സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരം പഞ്ചായത്ത് ചെലവിൽ മുറിച്ച് മാറ്റിയാൽ ചെലവ് ഉടമസ്ഥനിൽ നിന്ന് ഈടാക്കാവുന്നതാണ്. തുക ടിയാനിൽനിന്ന് ഇടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 ശമ്പളത്തിൽ നിന്ന് കിഴിവ് വരുത്തിയ തുക കെ എസ് എഫ് ഇ ൽ അടവാക്കിയതിന്റെ രസീത് ഉല്ല.

താഴെ പറയുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറി തുകകൾ കെ എസ് എഫ് ഇയിൽ അടവാക്കിയതിന്റെ കൈപ്പറ്റ് വിവരം ഇല്ല. തുക അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (6/9.3.22) കെ എസ് എഫ് ഇ മുളന്തുരുത്തി ശാഖയിൽനിന്നും സർട്ടിഫിക്കറ്റ് ഹാജരാക്കാനാവശ്യപ്പെട്ട് സെക്രട്ടറി ശ്രീ അരുൺകുമാറിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ഇതോടോപ്പം ശ്രീ മുജീബ് റഹ്മാൻ പി.ആർ, ക്ലർക്കിന്റെയും സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. മേൽ പരാമർശിച്ച ജീവനക്കാരുടെ റിക്കവറി ക്ലോസ് സർട്ടിഫിക്കറ്റും കൈപ്പറ്റ് രസീതും ഹാജരാക്കുന്നതുവരെ റിക്കവറി ഇനത്തിൽ അടവാക്കിയ 154,000/- (7500x12=90000+8000x8=64000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. റിക്കവറി തുകയുടെ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ പേര് വിവരം | മാസം | തുക | വൗച്ചർ നമ്പർ/ചെക്ക് നമ്പർ |
|---|---|---|---|
| അരുൺകുമാർ എൻ സെക്രട്ടറി | 03/19 | 7500 | 21900049/4.4.19 /072179/4.4.19 |
| മുജീബ് റഹ്മാൻ പി ആർ , ക്ലർക്ക് | | 8000 | |
| | 04/19 | 7500 | 21900172/7.05.19 |
| | | 8000 | /072207/7.05.19 |
| | 05/19 | 7500 | 21900284/6.6.19 |
| | | 8000 | /072223/6.06.19 |
| | 06/19 | 7500 | 21900407/1.7.19 |
| | | 8000 | /546558/1.7.19 |
| | 07/19 | 7500 | 21900537/6.8.19 |
| | | 8000 | /546573/5.8.19 |
| | 08/19 | 7500 | 21900652/18.09.19 |
| | | 8000 | /002362/5.9.19 |
| | 09/19 | 7500 | 21900767/4.10.19 |
| | | 8000 | /002388/3.10.19 |
| | 10/19 | 7500 | 21900933/6.11.19 |
| | | 8000 | /002401/5.11.19 |
| അരുൺകുമാർ എൻ (സെക്രട്ടറി) | 11/19 | 7500 | 21901094/5.12.19/ |
| | 12/19 | 7500 | 21901203/4.1.20 /037640/3.01.20 |
| | 01/20 | 7500 | 21901419/5.02.20 /037659/5.02.20 |
| | 02/20 | 7500 | 21901620/4.03.20 /037683/4.03.20 |

## 1-16 നെൽവിത്ത് വിതരണം-മാർഗ്ഗരേഖ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം | 84/20,പാടശേഖരങ്ങൾക്ക് നെൽവിത്ത് വിതരണം |
| ചെലവ് | 2160983 |
| ബിൽ നമ്പർ | 3/19.8.19 – 1366818<br>5/13.3.20 – 710565<br>4/6.11.19 – 83600 |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ

നിന്നും 2160983 രൂപ ചെലവഴിച്ചിട്ടുണ്ട്. പാടശേഖരസമിതികൾ നെൽവിത്ത് വാങ്ങിയതിന്റെ സബ്സിഡി നൽകാനാണ് ടി തുക ചെലവഴിച്ചത് മേൽ തുകയിൽ 2077383 രൂപ അയ്യനം വില്ലേജ് സർവ്വീസ് സഹകരണ ബാങ്കിനും 83600 രൂപ എ ആർ എസ് മണ്ണുത്തിക്കും നൽകിയിട്ടുണ്ട് . സ.ഉ (കൈ)നം 22/2018/തസ്വഭവ തീ 14/02/2018 പ്രകാരം കൃഷി വകുപ്പ്, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ (VFPCK) എന്നിവിടങ്ങളിൽ നിന്നും യഥാർത്ഥ വില നല്കി വാങ്ങുന്ന വിത്ത് 100% സബ്സിഡിയോടെ കർഷകർക്ക് കൃഷിഭവൻ/ഇക്കോഷോപ്പ് വഴി വിതരണം ചെയ്യുന്നതിന് അനുമതിയുണ്ട്. ഇതിൽ നിന്ന് വിരുദ്ധമായി സർവ്വീസ് സഹകരണ ബാങ്കിന് തുക നൽകിയത് ഉത്തരവിന് വിരുദ്ധമാണ്.

അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ അന്വേക്ഷണക്കുറിപ്പിന് (നം.9/10.3.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവു തുകയായ 2160983/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 മള്ളൂർ പാടശേരത്തിന് വിത്ത് വിതരണം- നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് | 357/20 |
| ചെലവ് | 28440,<br>ചെക്ക്<br>നം.5088283/12.03.20 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

ഗ്രാമപഞ്ചായത്തിലെ തരിശായ 22 ഏക്കർ മള്ളൂർ പാടം കൃഷി ചെയ്യുന്നതിന് ഒരു ഏക്കറിന് 40 Kg വിത്ത് 40 രൂപ നിരക്കിൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയത്. എന്നാൽ നെൽ വിത്ത് വാങ്ങി നൽകുന്നതിന് പകരം തെക്കേ മൂന്നൂറ് നാനൂറ് പാടശേഖരത്തിന്റെ അക്കൗണ്ടിലേക്ക് തുക കൈമാറുകയാണ് ചെയ്തത്. വിത്ത് ലഭ്യമാക്കി പാടം കൃഷിയോഗ്യമാക്കിയതിന്റെ വിവരമോ മോണിറ്ററിങ്ങ് റിപ്പോർട്ടോ ഫയലിൽ ഇല്ല. പ്രോജക്റ്റ് നിർദ്ദേശത്തിന് വിരുദ്ധമായി പ്രവൃത്തി നടപ്പാക്കിയതിന്റെ കാരണം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേക്ഷണക്കുറിപ്പിന് (നം.9/10.3.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവു തുകയായ 28440 രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 സ്ഥാപനങ്ങളിൽ മാലിന്യ യൂണിറ്റ് - വിതരണ വിവരമില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 333/19-20 |
| ചെലവ്, ഫണ്ടിനം | 72000/- ,<br>റ്റി.എസ്.സി<br>വിഹിതം |
| വൗച്ചർ നമ്പർ, തീയതി | 21901707/23.3.20 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ, ഒളശ്ശ |

36 അങ്കണവാടികളിലും 4 സബ് സെന്ററുകളിലും പോർട്ടബിൾ ബയോ കംപോസ്റ്റർ ബിന്നുകൾ സ്ഥാപിക്കുകയായിരുന്നു പ്രോജക്റ്റിന്റെ ലക്ഷ്യം. 13.3.20 ൽ IRTC യുമായി കരാറിലേർപ്പെടുകയും ചെയ്തു. 1800 രൂപയാണ് ഒരു യൂണിറ്റിന്റെ കോസ്റ്റ്. ഏതൊക്കെ സ്ഥാപനങ്ങളിലാണ് യൂണിറ്റുകൾ സ്ഥാപിച്ചതെന്ന് വ്യക്തമല്ല. അതാത് സ്ഥാപനമേധാവികൾ ഇൻസ്റ്റലേഷൻ സംബന്ധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്ഥാപനം നൽകിയ പർച്ചേസ് ടാക്സ് ഇൻവോയ്സ് ബിൽ ഓഡിറ്റിന് ലഭ്യമായില്ല.

അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.

11/10.03.22) മറുപടി ലഭ്യമായില്ല. മതിയായ രേഖകൾ ലഭ്യമാക്കുന്നതിലേക്കായി 72000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 പോസ്റ്റ് ഷിഫ്റ്റിംഗ്, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ- പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല.

പഞ്ചായത്തിലെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ ഭാഗമായി കെ എസ് ഇ ബി യുടെ വിവിധ ഓഫീസുകളിൽ നിന്ന് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും തുക അടവാക്കിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രവും ഫൈനൽ ബില്ലും ഹാജരാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (3/9.3.22) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രവും ഫൈനൽ ബില്ലും ഹാജരാക്കുന്നതുവരെ ചെലവഴിച്ച 69235/-രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം | പ്രവൃത്തികൾ | തുക , | വൗച്ചർ നമ്പർ | തുക അടവാക്കിയ സ്ഥാപനം |
|---|---|---|---|---|
| 1 | അയ്മനം ഗ്രാമപഞ്ചായത്ത് പെരുമനകോളനി ട്രസ്സ് വർക്കിന്റെ ഭാഗമായി (വാർഡ്-13)6.03.19ലെ 3(2) നമ്പർ തീരുമാനം | 10000/- | 21900193/10.05.19 /072211/10.05.19 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ എസ് ഇ ബി, അയ്മനം |
| 2 | അങ്കണവാടികൾക്ക് ഇലക്ട്രിഫിക്കേഷൻ (വാർഡ് 10,13) 19.07.19ലെ 1(3) നമ്പർ തീരുമാനം | 2245+14666=16911/- | 21900503/29.7.19 /002333/29.7.19 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ എസ് ഇ ബി, അയ്മനം |
| 3 | പുതിയ പി എച്ച് സി കെട്ടിടത്തിന് ത്രീഫെയിസ് കണക്ഷൻ എടുക്കുന്നതിനും മീറ്റർ സ്ഥാപിക്കുന്നതിനും | 29324/-<br>13000/-<br>42324 | 21900117/072193 /29.04.19<br>21900118/29.4.19 /072194/29.04.19 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ എസ് ഇ ബി, അയ്മനം |
| | | 69235/- | | |

1-20 കിണർ റീ ചാർജിംഗ് – അപാകതകൾ.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 298/19-20 |
| ചെലവ്, ഫണ്ടിനം | 741019/-,<br>ജില്ലാപഞ്ചായത്ത് ഷെയർ |
| ബിൽ/വൗച്ചർ നമ്പർ, തീയതി | 21900698/7.9.19 = 270111<br>2760626/18.11.19 = 167688 |

| | |
|---|---|
| | 2760634/24.12.19 = 247220<br>2760643/7.2.20 = 56000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ, അയ്മനം |

കിണർ റീച്ചാർജിംഗ് എന്ന പ്രോജക്റ്റിൽ തൻവർഷം 93 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 8000 രൂപ വരെ സബ്സിഡി നൽകിയിട്ടുണ്ട്. പ്രോജക്റ്റിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജി.ഒ(എം.എസ്) 22/2018/ത.സ്വ.ഭ.വ തീയതി 14.2.18 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക ഖണ്ഡിക 6.5 പ്രകാരം ജനറൽ വിഭാഗത്തിന് വാർഷിക വരുമാന പരിധി രണ്ട് ലക്ഷം രൂപയാണ്. എന്നാൽ ശ്രീ.ശശി ഇ.എൻ, ഇന്ദുവിലാസ്, ശ്രീകല റ്റി.കെ, നന്ദാവനം എന്നീ ഗുണഭോക്താക്കളുടെ കുടുംബത്തിൽ ഗവൺമെന്റ് ജീവനക്കാർ ഉള്ളതായി റേഷൻകാർഡിന്റെ പകർപ്പിൽ നിന്നും മനസ്സിലാകുന്നു. വരുമാനം തെളിയിക്കുന്ന രേഖകൾ ലഭ്യമായില്ല. ഗുണഭോക്താക്കൾക്ക് 8000 രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്.

3) ശ്രീമതി വി.ആർ. പങ്കജാക്ഷിയമ്മ, ശിവകൃപ, വിജയലക്ഷ്മിദേവി ചിറ്റക്കാട്, വിജയകുമാരി സുരേഷ്ഭവൻ, പുഷ്പ തെക്കേനിരമത്ത് എന്നീ ഗുണഭോക്താക്കൾക്ക് 8000 രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ വരുമാന പരിധി തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 13/10.03.2022) നൽകുകയുണ്ടായി. കൂടുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ നിർദ്ദേശം ലഭിച്ചെന്നും ആയതിനനുസരിച്ചാണ് ചെലവ് ചെയ്തതെന്നുമാണ് ലഭിച്ച മറുപടി. സർക്കാർ ഉത്തരവുകൾ പാലിച്ച് പ്രോജക്റ്റ് നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 കന്നുകുട്ടി പരിപാലനം പദ്ധതി - അപാകതകൾ

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | ബിൽ നമ്പർ / തീയതി | തുക |
|---|---|---|---|---|
| 1 | 114/20 | കന്നുകുട്ടി പരിപാലനം | 01/19-20 /22.01.20 | 250000 |

പദ്ധതി പ്രകാരം 40 ഗുണഭോക്താക്കളുടെ കന്നുകുട്ടികളെ പദ്ധതിയിൽ എൻറോൾ ചെയ്യുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. കന്നുകുട്ടികളെ എൻറോൾ ചെയ്തതിന്റെ ലിസ്റ്റ് പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച തുകയുടെ ചെലവ് 250000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം , കരാർ എന്നിവ ലഭ്യമാക്കിയിട്ടില്ല

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്റ്റ് | ബിൽ നമ്പർ / തീയതി | തുക |
|---|---|---|---|---|---|
| 1 | 121/20 | സെക്രട്ടറി , ഗ്രാമ പഞ്ചായത്ത് | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റലും സ്ട്രീറ്റ് ലൈൻ വലിക്കലും | 08/19-20 /17.08.2019 | 2632060 |

പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കിയിട്ടില്ല. കൂടാതെ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കെ എസ് ഇ ബി യുമായി കരാറിൽ ഏർപ്പെടേണ്ടതാണ് . എന്നാൽ കരാർ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.16/14.03.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 2632060 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ഐ കെ എം വിഹിതം നൽകൽ -കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഐ കെ എം വിഹിതം അടവാക്കൽ എന്ന പ്രോജക്ടിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി 87813/- രൂപ (പ്രൊജക്റ്റ് നമ്പർ SO72/2020 ) ഐ കെ എം, തിരുവനന്തപുരം - ന്റെ പേരിൽ നൽകിയിട്ടുണ്ട് (ബിൽ നം.13/29.06.2019). എന്നാൽ ടി തുക കൈപ്പറ്റിയതിന്റെ രസീത് , വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.16/2019-20 തീയതി 14.03.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 87813/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 തെരുവ് വിളക്കുകളുടെ പരിപാലനം - കൃത്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റ് | ബിൽ നമ്പർ / തീയതി | തുക |
|---|---|---|---|---|
| 1 | 104/20 | സ്ട്രീറ്റ് ലൈറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 47/26.07.19-442548<br>232/31.12.19- 56452 | 499000 |
| 2 | 119/20 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | 51/8.8.19 -29000<br>79/6.9.19 – 30450<br>102/26.10.19- 38425<br>154/3.12.19 – 34075<br>254/10.1.20 -36250<br>309/1.2.20 – 38425<br>404/10.3.20- 36210<br>488/1.3.20 - 34790 | 312425 |
| | | | ആകെ | 811425 |

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ മെയിന്റനൻസിന്റെ ഭാഗമായി മേൽ പരാമർശിച്ച രണ്ടു പദ്ധതികൾ 2019-2020 വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ചും തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് പൊതുവായിട്ടുള്ളതുമായ താഴെ ചേർക്കുന്ന അപാകതകൾ ഓഡിറ്റിൽ കാണുകയുണ്ടായി.

1.ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് . എന്നാൽ മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തിയത് സംബന്ധിച്ച വിശദാംശങ്ങൾ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയില്ല .

2.ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ .ബി . യുമായി സംയുക്ത പരിശോധന നടത്തി പോസ്റ്റ് നമ്പർ ,

അവയിൽ സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റിന്റെ തരം , വാട്ടേജ് എന്നിവ രേഖപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാക്കിയ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ സ്ഥാപനത്തിൽ ലഭ്യമല്ല . തെരുവ് വിളക്കുകളുടെ റിപ്പയറിങ്ങ് നടത്തുന്നതിന് അടിസ്ഥാനമാക്കേണ്ട ടി രജിസ്റ്റർ സൂക്ഷിക്കാത്തത് പദ്ധതി നടത്തിപ്പിന്റെ സുതാര്യതയെ ബാധിക്കുന്നു.

3.തെരുവ് വിളക്കുകളുടെ തകരാറുകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

4.ക്രമനമ്പർ 1 പ്രകാരം വാങ്ങിയ സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ എപ്രകാരം ഉപയോഗപ്പെടുത്തി എന്ന് കൃത്യമായി രേഖപ്പെടുത്തി യിട്ടുള്ള രജിസ്റ്റർ / ഫയൽ ലഭ്യമാക്കിയില്ല. ടി ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് റിപ്പയറിങ്ങിനായി കരാർ ജീവനക്കാർക്ക് നൽകുന്നത് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ റിപ്പയറിങ്ങിനായി കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള രണ്ട് ജീവനക്കാരുടെ വേതനം നൽകുന്നതിന്റെ വിശദാംശങ്ങൾ മാത്രമാണ് ഫയലിൽ / വൗച്ചറിൽ ലഭ്യമാക്കിയിട്ടുള്ളത്

മേൽ വിഷയം സംബന്ധിച്ച് മറുപടി / അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.16/14.03.2022) നൽകിയിരുന്നുവെങ്കിലും തൃപ്തികരമായ മറുപടി നൽകിയിട്ടില്ല ഈ സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 811425/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു .

തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി എല്ലാ വർഷവും ഭീമമായ തുക ചെലവഴിക്കുന്ന ഗ്രാമ പഞ്ചായത്ത് പദ്ധതി നടത്തിപ്പ് കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും , സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-25 മള്ളൂർ പാടം മോട്ടോർ തറ വൈദ്യുതി കണക്ഷൻ - അപാകതകൾ

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്റ്റ് | ബിൽ നമ്പർ / തീയതി | തുക |
|---|---|---|---|---|---|
| 1 | 339/20 | സെക്രട്ടറി , ഗ്രാമ പഞ്ചായത്ത് | മള്ളൂർ പാടം മോട്ടോർ തറ വൈദ്യുതി കണക്ഷൻ | 23/19-20 /18.01.20 | 125704 |

പദ്ധതി പ്രകാരം മള്ളൂർ പാടം മോട്ടോർ തറയ്ക്ക് ത്രീ ഫേസ് ഫോർ വയർ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി കെ എസ് ഇ ബി അയ്യനം സെക്ഷന് തുക കൈമാറി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1.പദ്ധതി സംബന്ധിച്ച് കെ എസ് ഇ ബി യിൽ നിന്നുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല.

2.കെ എസ് ഇ ബി യുമായി ഏർപ്പെട്ട കരാർ ലഭ്യമാക്കിയിട്ടില്ല.

3.പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം , ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കിയിട്ടില്ല

4.പാടശേഖരസമിതി ഗ്രാമപഞ്ചായത്തിന് സമർപ്പിച്ച അപേക്ഷയിൽ നിലവിൽ മോട്ടോർ തറയ്ക്ക് വൈദ്യുതി കണക്ഷൻ ഉള്ളതായും പമ്പിങ്ങ് ലേലം നടന്നിട്ടുള്ളതായും കാണുന്നു. മോട്ടോർ തറയ്ക്ക് താത്കാലിക ഷെഡ് പണിയുന്നതിനുള്ള ധനസഹായം ലഭ്യമാക്കണമെന്നാണ് അപേക്ഷയിൽ

ആവശ്യപ്പെട്ടിട്ടുള്ളത്. വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് ആവശ്യപ്പെട്ടിട്ടില്ല.വൈദ്യുതി കണക്ഷൻ ഇല്ലാതെ ഇത്രയും കാലം എങ്ങനെ മോട്ടോർ പ്രവർത്തിപ്പിച്ചു എന്ന് വ്യക്തമല്ല.

5.കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമ പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ട പൗര സേവനങ്ങൾക്കാണ് പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കേണ്ടത് . ഇതിനു വിരുദ്ധമായി ഫണ്ട് ചെലവഴിച്ചതിന്റെ കാരണം വ്യക്തമല്ല .

പാടശേഖര സമിതി ആവശ്യപ്പെടാതെ തന്നെ വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് തുക അനുവദിച്ചതിന്റെ കാരണം, അപാകതകൾ ക്ക് മറുപടി എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.16/14.03.2022) നൽകിയിരുന്നുവെങ്കിലും തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 125704/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 റവന്യൂപുറമ്പോക്കിലെ പാറക്കുളം മൂടിയത്

മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി ഏറ്റെടുക്കും എന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അയ്മനം ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിൽ നിന്നും 90 ടണ്ണിലധികം അജൈവമാലിന്യം ശേഖരിക്കുകയുണ്ടായി. എന്നാൽ ഒരു ലോഡ് മാത്രം ക്ലീൻ കേരള കമ്പനി ഏറ്റെടുത്തു. അതിനുശേഷം ടി മാലിന്യം ക്ലീൻ കേരള കമ്പനി ഏറ്റെടുക്കില്ല എന്നും ഗ്രാമപഞ്ചായത്തുകൾ തന്നെ ആയത് നിർമ്മാർജ്ജനം ചെയ്യുന്നതിനു സ്ഥലം കണ്ടെത്തണം എന്നും ഡി 2084/2084/2018/DSM /KTM കത്ത് മുഖേന അറിയിച്ചിരുന്നു.

അയ്മനം ഗ്രാമപഞ്ചായത്ത് പ്രളയകെടുതി അനുഭവിക്കുന്ന പ്രദേശമായതിനാൽ കാലവർഷം വന്നാൽ കൂട്ടിയിട്ടിരിക്കുന്ന മാലിന്യം മുഴുവൻ ഒഴുകി ജലസ്രോതസ്സുകൾ വീണ്ടും മലിനമാകുന്നതും, ടി പ്രദേശത്തെ കിണറുകൾ മലിനമാകുകയും പകർച്ച വ്യാധികൾ പടർന്നുപിടിക്കുന്ന സ്ഥിതി വിശേഷം സംജാതമാകുമെന്ന സാഹചര്യത്തിൽ 28/6/19ൽ ഗ്രാമപഞ്ചായത്ത് അടിയന്തിരകമ്മിറ്റി കൂടുകയും വർഷങ്ങളായി മാലിന്യം വലിച്ചെറിയുന്ന 9-ാം വാർഡിലെ പാറക്കുളം മാലിന്യം ഉപയോഗിച്ച് ലാന്റ് ഫിൽ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.ആയതിനു പൊലൂഷൻ കൺട്രോൾ അധികൃതരുടെ അഭിപ്രായം തേടുന്നതിനും അതിനു ശേഷം പ്രവൃത്തി പൂർത്തീകരിക്കുന്നതിനും തീരുമാനിച്ചു.എന്നാൽ പൊലൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ഇതു സംബന്ധിച്ച് അനുമതി ലഭിച്ചിട്ടില്ല.പാറക്കുളം റവന്യൂ ഭൂമിയായതിനാൽ ജില്ലാകളക്ടർക്ക് അനുവാദത്തിനായി അപേക്ഷ സമർപ്പിച്ചതിന്റയടിസ്ഥാനത്തിൽ ജില്ലാകളക്ടർ ശുചിത്വമിഷന് അടിയന്തിര റിപ്പോർട്ടിനായി നൽകിയിരുന്നു.ടി പാറക്കുളത്തിന് ഉറവയോ ലീക്കോ ഇല്ലെന്ന് ജില്ലാ ശുചിത്വമിഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ മാലിന്യം നിക്ഷേപിച്ച് കഴിഞ്ഞപ്പോൾ പാറക്കുളത്തിന്റ 20% മാത്രമാണ് പൂർത്തീകരിക്കാൻ സാധിച്ചത്. ആയതിനാൽ ജില്ലയിലെ മറ്റ് പഞ്ചായത്തുകളിലെ അജൈവമാലിന്യങ്ങൾ കൂടി ശേഖരിച്ച് ലാന്റ് ഫിൽ ചെയ്യുന്നതിന് തീരുമാനിച്ചു. ഇപ്രകാരം മറ്റു പഞ്ചായത്തുകളിൽ നിന്നും കൊണ്ടുവരുന്ന മാലിന്യത്തിന് ഒരു ലോഡിന് 2000/-രൂപ വാങ്ങിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. കോട്ടയം മുനിസിപ്പാലിറ്റിയുടേതടക്കം 23 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അജൈവ മാലിന്യങ്ങളാണ് ടി പാറക്കുളത്തിൽ നിക്ഷേപിച്ച് ലാന്റ് ഫിൽ ചെയ്തിട്ടുള്ളത്. അയ്മനം ഗ്രാമപഞ്ചായത്തിലെ 83 ലോഡ് അജൈവമാലിന്യം പാറക്കുളത്തിലേയ്ക്ക് മാറ്റിയതിനും, ജെ.സി.ബി ഉപയോഗിച്ച് കംപ്രസ്സ് ചെയ്ത് മണ്ണ് ഫില്ല് ചെയ്യുന്നതിനും ചെലവായ 163670/- രൂപയും, മറ്റ് ഗ്രാമപഞ്ചായത്തുകളിലെ മാലിന്യം ഫില്ല ചെയ്തതിനു വേണ്ടി വന്ന മണ്ണ് കംപ്രസ്സ് ചെയ്യുന്നതിന് ജെ.സി.ബി. വാടക എന്നീയിനങ്ങളിൽ ചെലവായ 473800/- രൂപയുമുൾപ്പടെ 637470/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവായിട്ടുണ്ട്.

മുൻകൂട്ടി പദ്ധതി രൂപീകരിയ്ക്കാതെയും, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അഭിപ്രായം രേഖാമൂലം ലഭിക്കാതെയും, പഞ്ചായത്തിന് വിട്ടുകിട്ടാത്ത സർക്കാർ പുറമ്പോക്കായി റവന്യൂരേഖകളിൽ

രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ ലാന്റ് ഫില്ലിംഗ് നടത്തിയത് ക്രമപ്രകാരമല്ല. ഇതിനെതിരെ പരാതികൾ ലഭിച്ചിട്ടുള്ളതിനാൽ ടി പ്രവൃത്തി സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്. ഇത് സംബന്ധിച്ചുള്ള തുടർ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-27 കേരള സ്റ്റേറ്റ് നിർമിതി കേന്ദ്രം നടപ്പാക്കുന്ന പദ്ധതികൾ - അപാകതകൾ

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റ് | ബിൽ നമ്പർ / തീയതി | തുക |
|---|---|---|---|---|
| 1 | 301/20 | കൃഷി ഭവൻ കെട്ടിട നിർമ്മാണം | ചെക്ക് നമ്പർ 5088224/24.08.19 | 710997 |
| 2 | 302/20 | ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണം | ചെക്ക് നമ്പർ 21901286/21.01.20 | 50000 |
| 3 | 306/20 | ആയുർവ്വേദ ആശുപത്രി കെട്ടിടം പൂർത്തീകരണം (കരീമഠം സബ് സെന്റർ ) | ബിൽ നമ്പർ 29/19-20 /03.01.20 | 200000 |
| 4 | 338 | ആയുർവ്വേദ ആശുപത്രി നിർമ്മാണം | ചെക്ക് നമ്പർ 21901675/13.03.20 | 375000 |
| | | ആകെ | | 1335997 |

കൃഷി ഭവൻ കെട്ടിട നിർമ്മാണം , ആയുർവ്വേദ ആശുപത്രി കെട്ടിടം , ആയുർവ്വേദ ആശുപത്രി സബ് സെന്റർ കെട്ടിടം എന്നിവ നിർമ്മിക്കുന്നതിന് നിർമ്മിതി കേന്ദ്രവുമായി കരാറിൽ ഏർപ്പെട്ടിരുന്നു. എന്നാൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1.ടി പദ്ധതികളുടെ നിലവിലെ അവസ്ഥ , വിനിയോഗ സാക്ഷ്യപത്രം , ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കിയിട്ടില്ല

2.പദ്ധതി പൂർത്തീകരിച്ച് സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല

3.പദ്ധതി നടത്തിപ്പിനായി എസ്റ്റിമേറ്റ് തുകയുടെ 20 % നൽകുവാനാണ് കരാർ . എന്നാൽ 25 % തുക മുൻകൂറായി നൽകിയിട്ടുണ്ട്.

4.പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 11.2 (ഡി ) - (Iv ) പ്രകാരം ഡിപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ വേണ്ട തുടർ നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ് . എന്നാൽ ഈ വിഷയത്തിൽ തുടർ നടപടികൾ സെക്രട്ടറി സ്വീകരിച്ചതായി കാണുന്നില്ല

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 16/14.03.2022) നൽകിയിരുന്നുവെങ്കിലും തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 04.03.22-ൽ പരിശോധിച്ച് അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2020-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2019-20 ൽ സംയുക്ത പ്രോജക്ടിനായി ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന്റെയും ചെലവഴിച്ചതുമായ ഫണ്ടിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 555414 | പ്രോജക്ട് നം.12/20-പാലിയേറ്റീവ് കെയർ | 555414 | 0 |
| | 3254534 | പ്രോജക്ട് നം.52/20-ലൈഫ് ഭവന പദ്ധതി | 3254534 | 0 |
| | 400000 | പ്രോജക്ട് നം.28/20-അംഗൻവാടി പോഷകാഹാരം | 400000 | 0 |
| | 607365 | പ്രോജക്ട് നം.62/20-ഭിന്നശേഷിയുള്ളവർക്ക് പഠന സഹായം | 607365 | 0 |
| ആകെ | | | 4817313 | |
| ജില്ലാ പഞ്ചായത്ത് | 2560002 | പ്രോജക്ട് നം.52/20-ലൈഫ് ഭവന പദ്ധതി | 2560002 | 0 |
| | 5464 | പ്രോജക്ട് നം.317/20-ലൈഫ് ഭവന പദ്ധതി | 5464 | 0 |

| | | | | |
|---|---|---|---|---|
| | 760000 | പ്രോജക്ട് നം.318/20-ലൈഫ് ഭവന പദ്ധതി (എസ്.സി.) | 760000 | 0 |
| | 628879 | പ്രോജക്ട് നം.28/20-അംഗൻവാടി പോഷകാഹാരം | 628879 | 0 |
| | 396931 | പ്രോജക്ട് നം.253/20-സുലഭം പദ്ധതി | 396931 | 0 |
| | 210828 | പ്രോജക്ട് നം.272/20-സുലഭം പദ്ധതി | 210828 | 0 |
| ആകെ | | | 5303123 | |

സുലേഖ സോഫ്റ്റ്വെയർ പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിരിക്കുന്നത്. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ മേൽ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ഖണ്ഡിക 1-2 ൽ വിശദീകരിച്ചിട്ടുണ്ട്.

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് നൽകിയിട്ടുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ.ബി | വിവിധ വാർഡുകളിൽ ലൈൻഎക്സ്റ്റൻഷൻ-പ്രോജക്ട് നം.121/20 | 2632060 | | 0 | 2632060 |
| കെ എസ് ഇ.ബി | അയ്മനം ഗ്രാമപഞ്ചായത്ത് പെരുമനകോളനി ട്രസ്സ് വർക്കിന്റെ ഭാഗമായി(വാർഡ്-13)6.03.19ലെ 3(2) നമ്പർ തീരുമാനം | 10000/- | 21900193/10.05.19 /072211/10.05.19 | 0 | 10000/- |
| കെ എസ് ഇ.ബി | അംഗൻവാടികൾക്ക് ഇലക്ട്രിഫിക്കേഷൻ(വാർഡ് 10,13) 19.07.19ലെ 1(3) നമ്പർ തീരുമാനം | 16911/- | 21900503/29.7.19 /002333/29.7.19 | 0 | 16911/- |
| കെ എസ് ഇ.ബി | പുതിയ പി എച്ച് സി കെട്ടിടത്തിന് ത്രീഫെയിസ് കണക്ഷൻ എടുക്കുന്നതിനും മീറ്റർ സ്ഥാപിക്കുന്നതിനും | 40324 | 21900117/072193 /29.04.19 21900118/29.4.19 /072194/29.04.19 | 0 | 40324 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

2019-20 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം | ജി. ഒ. (എം എസ്) 68/2018 /തസ്വഭവ /18.05.2018 | 27872365 | 4000000 | 2411764 | | 29460601 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക ധനകാര്യ പത്രിക 31/03/2020-ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | 3-1 | 2014-15 | 4.1.15 | പൊതുകളിസ്ഥലം--പാഴ്ചെലവായി | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ് |
| 1999-2000, 2001-02 | 17 | 2004-05 | 2-4 | കാർഷിക യന്ത്രവൽക്കരണം ലക്ഷ്യം നേടിയില്ല | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ് |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം | 2014-15 | 4.1.5 | നിഷ്ക്രിയാസ്തികൾ -വനിതാ | അക്കൗണ്ട്സ് കമ്മറ്റിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | വ്യവസായകേന്ദ്രം | പരിഗണയിലാണ് |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം | 2014-15 | 4.1.7 | അയ്യനം കുടിവെള്ള പദ്ധതി-പ്രവർത്തന രഹിതമാണ് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ് |

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം.

ചാർജ്/സർചാർജ് നടപടികളിലൂടെ 2019-20 വർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 135362201.45 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 106268828 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7727657 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 154000 | ശ്രീ.അരുൺകുമാർ എൻ., സെക്രട്ടറി |
| 1-16 | 2160983 | ശ്രീമതി ജോത്സനമോൾ കുര്യൻ, കൃഷി ഓഫീസർ |
| 1-17 | 28440 | ശ്രീമതി ജോത്സനമോൾ കുര്യൻ, കൃഷി ഓഫീസർ |
| 1-18 | 72000 | ശ്രീ.സുനിൽ, വി.ഇ.ഒ. ഒളശ്ശ |
| 1-19 | 69235 | ശ്രീ.അരുൺകുമാർ എൻ., സെക്രട്ടറി |
| 1-21 | 250000 | ഡോ.നീതു ജോർജ്, വെറ്ററിനറി സർജൻ |
| 1-22 | 2632060 | ശ്രീ.അരുൺകുമാർ എൻ., സെക്രട്ടറി |
| 1-23 | 87813 | ശ്രീ.അരുൺകുമാർ എൻ., സെക്രട്ടറി |
| 1-24 | 811425 | ശ്രീ.അരുൺകുമാർ എൻ., സെക്രട്ടറി |
| 1-25 | 125704 | ശ്രീ.അരുൺകുമാർ എൻ., സെക്രട്ടറി |
| 1-27 | 1335997 | ശ്രീ.അരുൺകുമാർ എൻ., സെക്രട്ടറി |
| ആകെ | 7727657 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ –

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 99-00, 00-01, 01-02 പ്ലാൻ | എൽ.എഫ്.കെ.പി.10/1291/11/16.6.12 |
| 02-03 ചെലവ് | എൽ.എഫ്.കെ.പി.4/65/06/26.12.06 |
| 96-97 വരവ് | എൽ.എഫ്.കെ.പി.4/509/07/26.7.07/1.10.07 |
| 98-99 വരവ് | എൽ.എഫ്.കെ.പി.4/511/07/5.10.09/6.11.09 |
| 01-02 വരവ് | കെ.എസ്.എ.കെ.ടി.എം.പി9(അദാ.18)54(2)/18 /31.01.18 |
| 02-03 വരവ് | എൽ.എഫ്.കെ.പി.4/150/09/6.10.09/6.2.10 |
| 02-03 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(3)/18 /31.01.18 |
| 06-07 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(7)/18 /31.01.18 |
| 07-08 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(8)/18 /31.01.18 |
| 08-09 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(9)/18 /31.01.18 |
| 09-10 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(10)/18 /31.01.18 |
| 10-11 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(11)/18 /31.01.18 |
| 11-12 വരവുചെലവ് | എൽ.എഫ്.കെ.പി.10/561/13/06.11.13 |
| 12-13 വരവുചെലവ് | എൽ.എഫ്.കെ.പി.10-504/15/28.05.15 |
| 13-14 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി10/256/15/16.02.16 |
| 2014-15 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9/1074/17/25.01.18 |
| 2015-16 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി10/464/2017/29.5.17 /01.06.17 |
| 2016-17 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9/112/2018/29.5.17 /29.01.18 |

| | |
|---|---|
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി 9/2018 /2018/30.4.2019 |
| 2018-19 | നം.കെ.എസ്.എ-കെ.ടി.എം.പി .9/179 /2020/12.3.2020 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്